# വൈഗ 2017: കാർഷിക പ്രദർശനവും സെമിനാറും 27 മുതൽ

Deepika 16.12.17

**തൃശൂർ:** കാർഷികോത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർധന എന്നിവയുടെ സാധ്യതകൾ പൊതുജനങ്ങൾക്കു പരിചയപ്പെടുത്തുന്നതിന് സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് 27 മുതൽ 31 വരെ 'വൈഗ 2017' പ്രദർശനവും സെമിനാറും സംഘടിപ്പിക്കും. വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്തു പ്രദർശനത്തോടൊപ്പം സെമിനാറുകളും സാംസ്കാരിക പരിപാടികളും ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ വിദ്യാർഥികൾക്ക് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. 10 മുതൽ 15 വയസു വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

പെയിന്റിംഗ് മത്സരം 27ന് രാവിലെ 10.30 മുതൽ 12.30 വരെയും മലയാള പ്രബന്ധരചനാ മത്സരം ഉച്ചയ്ക്ക് രണ്ടുമുതൽ നാലുവരെയും വെള്ളാനിക്കര കാർഷിക സർവകലാശാല ഓഡിറ്റോറിയത്തിൽ നടക്കും. യുപി, ഹൈസ്കൂൾ വിദ്യാർഥികൾക്കു പ്രത്യേകം മത്സരങ്ങൾ ഉണ്ടാകും.

ഹൈസ്കൂൾ വിദ്യാർഥികൾക്കായി 28നു രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ വെള്ളാനിക്കര കാർഷിക സർവകലാശാല ഓഡിറ്റോറിയത്തിൽ ക്വിസ് മത്സരം നടക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ പേര്, ഫോൺനമ്പർ, മേൽവിലാസം, വയസ്, ക്ലാസ് എന്നിവ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതം 22 നകം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0487-2333297.

ഹ്യൂമൺ റൈറ്റ്സ് പ്രൊട്ടക്ഷൻ